# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2149** **15/7/2011 ൽ മറുപടിക്ക്**

**പുസ്തകവിതരണം വിദ്യാഭ്യാസവകുപ്പ് നേരിട്ട് നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | | ശ്രീ. പി. കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പുതിയ അദ്ധ്യയന വർഷം ആരംഭിച്ചിട്ടും സംസ്ഥാനത്തെ മിക്ക സ്കൂളുകളിലും പ്രത്യേകിച്ച് തീരദേശത്തെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) ഇത്തവണയും പാഠപുസ്തകങ്ങളുടെ വിതരണം കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയെ (കെ.ബി.പി.എസ്) ഏൽപ്പിച്ചതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; | ബിയും | പാഠപുസ്തക വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായാണ് തികച്ചും അശാസ്ത്രീയവും അധിക ചെലവ് ഉണ്ടാക്കുന്നതുമായ പരമ്പരാഗത രീതി മാറ്റി സർക്കാർ അധീനതയിലുള്ള അച്ചടിശാലയായ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ പാഠപുസ്തക വിതരണ ചുമതല ഏൽപ്പിച്ചത്. പുസ്തകങ്ങൾ നേരിട്ട് സ്കൂൾ കവാടത്തിൽ എത്തിക്കുന്ന പുതിയ സമ്പ്രദായത്തിൽ 95% വിദ്യാർത്ഥികൾക്കും സ്കൂൾ തുറക്കുന്നതിന് മുൻപു തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. എന്നിരുന്നാലും പാഠപുസ്തക വിതരണം കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ ഏൽപ്പിച്ചതിനെതിരെ ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| സി) പുസ്തകവിതരണം വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്താൻ നടപടി സ്വീകരിക്കുമോ? | സിയും | |

കൂടാതെ ഇതു സംബന്ധിച്ച് ഒരു ഹർജിയും ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്. പാഠപുസ്തക വിതരണത്തിൽ നിലവിലുള്ള സമ്പ്രദായം പുന: പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

സെക്ഷൻ ഓഫീസർ